ALL INDIA RADIO THIRUVANANTHAPURAM

# ആകാശവാണി, തിരുവനന്തപുരം

# NATIONAL BULLETIN

**DATE: 27.11.2024** **TIME : 07.25 PM**

## പ്രധാന വാർത്തകൾ

1. ശീതകാല സമ്മേളനത്തിന്റെ രണ്ടാം ദിവസവും പ്രക്ഷുബ്ധമായി പാർലമെൻറ്. ഇരുസഭകളും ഇന്നത്തേക്ക് പിരിഞ്ഞു.

   Lok Sabha and Rajya Sabha adjourned for the day following ruckus by opposition over various issues.

2. സമൂഹ മാധ്യമത്തിലെ സഭ്യേതരമായ ഉള്ളടക്കങ്ങൾ പരിശോധിക്കുന്നതിന് നിലവിലെ നിയമങ്ങൾ കൂടുതൽ ശക്തിപ്പെടുത്തണമെന്ന് കേന്ദ്ര വാർത്താവിതരണ പ്രക്ഷേപണ മന്ത്രി അശ്വിനി വൈഷ്ണവ്.

   Information and Broadcasting Minister Ashwini Vaishnaw has said that the existing laws need to be strengthened further to check vulgar contents on the social media.

3. വികസിത് ഭാരത് യങ് ലീഡേഴ്സ് ഡയലോഗിൻറെ ഭാഗമായ ക്വിസ് മത്സരത്തിൽ പങ്കെടുക്കാൻ യുവജനങ്ങളോട് ആഹ്വാനം ചെയ്ത് പ്രധാനമന്ത്രി നരേന്ദ്രമോദി.

   Prime Minister Narendra Modi today urged youngsters to take part in quiz, which can ensure them to be a part of historic Viksit Bharat Young Leaders Dialogue.

4. രാജ്യത്തെ ശൈശവ വിവാഹ വിമുക്തമാക്കുന്നതിനായി, ബാൽ വിവാഹ് മുക്ത് ഭാരത് ക്യാമ്പയിനിന് തുടക്കം കുറിച്ച് കേന്ദ്രസർക്കാർ.

   Government launches National Campaign, Bal Vivah Mukt Bharat, in New Delhi.

5. ശബരിമല സന്നിധാനത്ത് കർപ്പൂര ദീപകാഴ്ച ഒരുക്കി ഇന്ന് പന്ത്രണ്ട് വിളക്ക്.

   Panthrand Vilakk ritual is being held at Sabarimala Sannidhanam.

6. ഇസ്കോൺ നിരോധനവുമായി ബന്ധപ്പെട്ട് ബംഗ്ലാദേശ് സർക്കാരിനോട് നിലപാട് വ്യക്തമാക്കാൻ ആവശ്യപ്പെട്ട് ധാക്ക ഹൈക്കോടതി.

**In Bangladesh, the High Court today asked the government to inform the court about its stance regarding Hindu religious organisation ISKCON, its activities, and what steps it has taken about it.**

**&&&&&&&&&&&&&&&&&&**

## HEAD LINE – 1

## PARLIAMENT ADJOURN

ശീതകാല സമ്മേളനത്തിന്റെ രണ്ടാം ദിവസവും പ്രക്ഷുബ്ധമായി പാർലമെൻറ്. ഇരുസഭകളും ഇന്നത്തേക്ക് പിരിഞ്ഞു. ഒരു പ്രമുഖ വ്യവസായ ഗ്രൂപ്പിനെതിരായ കൈക്കൂലി ആരോപണം, മണിപ്പൂരിലെയും, സംഭാലിലെയും അക്രമ സംഭവങ്ങൾ എന്നിവ ഉന്നയിച്ചായിരുന്നു പ്രതിപക്ഷ പ്രതിഷേധം. വിഷയം സഭാനടപടികൾ നിർത്തിവച്ച് ചർച്ച ചെയ്യണമെന്ന പ്രതിപക്ഷത്തിൻറെ ആവശ്യം സഭാധ്യക്ഷൻമാർ നിരാകരിച്ചതോടെയാണ് പ്രതിഷേധം രൂക്ഷമായത്. രാജ്യസഭ 11.30 വരെയും ലോക്സഭ 12 മണി വരെയും നിർത്തിവച്ചെങ്കിലും പ്രതിപക്ഷം ബഹളം തുടർന്ന സാഹചര്യത്തിൽ ഇന്നത്തേക്ക് പിരിയുകയായിരുന്നു.

**&&&&&&&&&&&&&&&&&&**

## HEAD LINE –2

## LS- VAISHNAW SOCIAL MEDIA OTT

സമൂഹ മാധ്യമത്തിലെ സഭ്യേതരമായ ഉള്ളടക്കങ്ങൾ പരിശോധിക്കുന്നതിന് നിലവിലെ നിയമങ്ങൾ കൂടുതൽ ശക്തിപ്പെടുത്തേണ്ടതുണ്ടെന്ന് കേന്ദ്ര വാർത്താവിതരണ പ്രക്ഷേപണ മന്ത്രി അശ്വിനി വൈഷ്ണവ്. ഇക്കാര്യം ബന്ധപ്പെട്ട പാർലമെൻറ് സ്റ്റാൻഡിങ്ങ് കമ്മിറ്റി വിലയിരുത്തുമെന്നും അദ്ദേഹം ലോക്സഭയിൽ വ്യക്തമാക്കി.

**(ഹോൾഡ്)**

2021 ലെ ഐ.ടി നിയമം ഒ.ടി.ടി പ്ലാറ്റ്ഫോമുകളിലെ നിയമവിരുദ്ധ ഉള്ളടക്കങ്ങൾ തടയുന്നതായും, കണ്ടൻറുകളെ പ്രായത്തെ അടിസ്ഥാനമാക്കി അഞ്ച് വിഭാഗങ്ങളാക്കി തിരിക്കുന്നതായും മന്ത്രി പറഞ്ഞു. സഭ്യേതര ഉള്ളടക്കങ്ങൾ പ്രദർശിപ്പിച്ചതിന് 18 ഒ.ടി.ടി പ്ലാറ്റ്ഫോമുകളെ കേന്ദ്രസർക്കാർ ഈ വർഷം ബ്ലോക്ക് ചെയ്തതായും അദ്ദേഹം അറിയിച്ചു.

**&&&&&&&&&&&&&&&&&&**

## LS-WAQF

രാജ്യത്ത് 59,000-ത്തോളം വഖഫ് സ്വത്തുക്കൾ കൈയേറ്റം നേരിടുന്നുണ്ടെന്ന് കേന്ദ്ര ന്യൂനപക്ഷകാര്യ മന്ത്രി കിരൺ റിജിജു. വഖഫ് സ്വത്തുക്കളുടെ അനധികൃത കയ്യേറ്റത്തിനെതിരെ നിയമനടപടി സ്വീകരിക്കാൻ സംസ്ഥാന വഖഫ് ബോർഡുകൾക്ക് അധികാരമുണ്ടെന്നും കേന്ദ്ര മന്ത്രി ലോക്സഭയിൽ രേഖാമൂലം നൽകിയ മറുപടിയിൽ അറിയിച്ചു. വഖഫ് സ്വത്തുക്കളുടെ വിൽപന, കൈമാറ്റം, പണയപ്പെടുത്തൽ, എന്നിവ അസാധുവാണെന്ന് നിയമം അനുശാസിക്കുന്നതായും മന്ത്രി വ്യക്തമാക്കി.

&&&&&&&&&&&&&&&&&&

## LS- PM SURYAGHAR

പ്രധാനമന്ത്രി-സൂര്യ ഘർ മുഫ്ത് ബിജ്‌ലി യോജനയ്ക്ക് കീഴിൽ മേൽക്കൂര സോളാർ പ്ലാൻറ് സ്ഥാപിച്ച സംസ്ഥാനങ്ങളിൽ ഗുജറാത്ത് മുന്നിൽ. രാജ്യത്ത് 26 ലക്ഷത്തോളം അപേക്ഷകൾ ലഭിച്ചതായും, 6 ലക്ഷത്തി 16 ആയിരത്തിലധികം പ്ലാന്റുകൾ സ്ഥാപിച്ചതായും ലോക്സഭയിൽ രേഖാമൂലം നൽകിയ മറുപടിയിൽ കേന്ദ്ര സഹമന്ത്രി ശ്രീപദ് നായിക് അറിയിച്ചു. ഇതിൽ 2 ലക്ഷത്തി 81 ആയിരത്തിലധിവും സ്ഥാപിച്ചത് ഗുജറാത്തിലാണ്. മഹാരാഷ്ട്രയ്ക്കാണ് രണ്ടാം സ്ഥാനം.

&&&&&&&&&&&&&&&&&&

## PRESIDENT -TAMILNADU VISIT

നാല് ദിവസത്തെ സന്ദർശനത്തിനായി രാഷ്ട്രപതി ദ്രൗപദി മുർമു തമിഴ് നാട്ടിലെത്തി. തമിഴ്നാട് ഗവർണർ ആർ.എൻ രവി രാഷ്ട്രപതിയെ സ്വീകരിച്ചു. കോയമ്പത്തൂരിലെത്തിയ രാഷ്ട്രപതി നാളെ ഊട്ടിയിലെ വെല്ലിംഗ്ടണിലെ പ്രതിരോധ സേനാ സ്റ്റാഫ് കോളേജിലെ പരിപാടിയിൽ പങ്കെടുക്കും. മറ്റന്നാൾ നീലഗിരിയിലെ ഗോത്രവിഭാഗങ്ങളുമായി രാഷ്ട്രപതി സംവദിക്കും.

&&&&&&&&&&&&&&&&&&

## HEAD LINE – 3

## PM VIKSIT BHARAT

വികസിത് ഭാരത് യങ് ലീഡേഴ്സ് ഡയലോഗിൻറെ ഭാഗമായ ക്വിസ് മത്സരത്തിൽ പങ്കെടുക്കാൻ യുവജനങ്ങളോട് ആഹ്വാനം ചെയ്ത് പ്രധാനമന്ത്രി നരേന്ദ്രമോദി. 15 നും 29 നും ഇടയിൽ പ്രായമുള്ളവർക്ക് ഈ മാസം 25 മുതൽ ഡിസംബർ അഞ്ച് വരെ നീളുന്ന ഡിജിറ്റൽ ക്വിസിൽ പങ്കെടുത്ത് തുടർമത്സരങ്ങളിലേക്ക് യോഗ്യത നേടാം. യുവജനങ്ങളുടെ നൂതന ആശയങ്ങൾ ഉന്നത തലങ്ങളിൽ എത്തിക്കുന്നതിനുള്ള അവസരമാണിതെന്നും പ്രധാനമന്ത്രി സമൂഹമാധ്യമത്തിൽ കുറിച്ചു. നാല് ഘട്ടങ്ങളായാണ് വികസിത് ഭാരത് ചലഞ്ച് സംഘടിപ്പിക്കുന്നത്. വിജയികൾക്ക് പ്രധാനമന്ത്രിയുമായി നേരിട്ട് സംവദിക്കാനും, ഇന്ത്യയുടെ ഭാവിയെക്കുറിച്ച് ആശയങ്ങൾ അവതരിപ്പിക്കാനും അവസരമുണ്ടായിരിക്കും.

&&&&&&&&&&&&&&&&&&

## HEAD LINE – 4

## BAL VIVAH MUKTH BHARAT

രാജ്യത്തെ ശൈശവ വിവാഹ വിമുക്തമാക്കുന്നതിനായി, ബാൽ വിവാഹ് മുക്ത് ഭാരത് ക്യാമ്പയിനിന് തുടക്കം കുറിച്ച് കേന്ദ്രസർക്കാർ. കേന്ദ്ര വനിതാ, ശിശുവികസന മന്ത്രി അന്നപൂർണാ ദേവി ന്യൂഡൽഹിയിൽ ഉദ്ഘാടനം നിർവഹിച്ചു. രാജ്യത്തെ 130 ജില്ലകളിലാണ് ക്യാമ്പയിൻ നടപ്പാക്കുന്നത്. ശൈശവവിവാഹം, ക്രിമിനൽകുറ്റം എന്നതിലുപരി മനുഷ്യാവകാശ ലംഘനം കൂടിയാണെന്ന് മന്ത്രി പറഞ്ഞു. ചൈൽഡ്-മാരേജ് ഫ്രീ ഭാരത് പോർട്ടലിൻറെ പ്രകാശനവും കേന്ദ്രമന്ത്രി നിർവഹിച്ചു.

&&&&&&&&&&&&&&&&&&

## PRIYANKA GANDHI

വയനാട് എം..പി.യായി പ്രിയങ്ക ഗാന്ധി നാളെ സത്യപ്രതിജ്ഞ ചെയ്യും. ഉപതിരഞ്ഞെടുപ്പിൽ ചേലക്കര നിയോജകമണ്ഡലത്തിൽ നിന്നും വിജയിച്ച യു.ആർ. പ്രദീപ്, പാലക്കാട് നിയോജകമണ്ഡലത്തിൽ നിന്നും വിജയിച്ച രാഹുൽ മാങ്കൂട്ടത്തിൽ എന്നിവരുടെ സത്യപ്രതിജ്ഞ

ഡിസംബർ 04-ാം തീയതി നിയമസഭാ മന്ദിരത്തിലെ ആർ. ശങ്കരനാരായണൻ തമ്പി മെമ്പേഴ്സ് ലോഞ്ചിൽ നടക്കും.

&&&&&&&&&&&&&&&&&&

HEMANT-SWEARING IN CEREMONY

ഝാർഖണ്ഡിൽ, ജെ.എം.എം നേതാവ് ഹേമന്ദ് സോറൻ നാളെ മുഖ്യമന്ത്രിയായി സത്യപ്രതിജ്ഞ ചെയ്യും. റാഞ്ചിയിൽ നടക്കുന്ന ചടങ്ങിൽ ഗവർണർ സത്യവാചകം ചൊല്ലിക്കൊടുക്കും. 81-അംഗ നിയമസഭയിൽ 56 സീറ്റിൽ വിജയം നേടിയാണ് ഹേമന്ദ് സോറൻ തുടർഭരണം ഉറപ്പിച്ചത്.

&&&&&&&&&&&&&&&&&&

**R Bindu**

കേരള സംസ്ഥാന വയോജന കമ്മീഷൻ രൂപീകരിച്ച് ഓർഡിനൻസ് പുറപ്പെടുവിക്കാൻ തീരുമാനിച്ചതായി മന്ത്രി ആർ ബിന്ദു വാർത്താസമ്മേളനത്തിൽ അറിയിച്ചു. മന്ത്രിസഭാ യോഗത്തിലാണ് തീരുമാനം. അവഗണനയും ചൂഷണവും അനാഥത്വവും അടക്കമുള്ള വയോജനങ്ങളുടെ ജീവിത പ്രയാസങ്ങളും വർധിച്ചുവരുന്ന ഉത്കണ്ഠകളും പരിഗണിച്ചാണ് നടപടി.

&&&&&&&&&&&&&&&&&&

**HEAD LINE – 5**

**SABARIMALA (INTRO)**

സന്നിധാനത്ത് പന്ത്രണ്ട് വിളക്ക് പ്രമാണിച്ച് കർപ്പൂര ദീപകാഴ്ച നടന്നു. 64,211 തീർഥാടകരാണ് ഇന്ന് വൈകുന്നേരം 6 മണി വരെ സന്നിധാനത്തെത്തിയത്.

**വിശദാംശങ്ങളുമായി ആകാശവാണി പത്തനംതിട്ട ജില്ലാ പ്രതിനിധി ശ്രീജി എസ് ശ്രീധർ.**

**(വോയ്സ്)**

&&&&&&&&&&&&&&&&&&

**HEAD LINE –6**

**BANGLADESH-HC**

ഇസ്കോൺ നിരോധനവുമായി ബന്ധപ്പെട്ട് ബംഗ്ലാദേശ് സർക്കാരിനോട് നിലപാട് വ്യക്തമാക്കാൻ ആവശ്യപ്പെട്ട് ധാക്ക

ഹൈക്കോടതി. ഇത് സംബന്ധിച്ച റിട്ട് ഹർജി പരിശോധിക്കുകയായിരുന്നു ബംഗ്ലാദേശ് കോടതി. അതിനിടെ, ഇസ്കോൺ ആത്മീയ നേതാവും, സനാതൻ ജാഗരൺ മഞ്ച് വക്താവുമായ ചിൻമൊയ് പ്രഭുവിനെ ജയിലിലടച്ചതുമായി ബന്ധപ്പെട്ട പ്രതിഷേധത്തിനിടെ, അഭിഭാഷകൻ കൊല്ലപ്പെട്ട സംഭവത്തിൽ ആറ് പേരെ ചിറ്റഗോംഗ് പോലീസ് അറസ്റ്റ് ചെയ്തു. രാജ്യദ്രോഹക്കുറ്റം ചുമത്തി ധാക്കാ പോലീസ് അറസ്റ്റ് ചെയ്ത ചിൻമൊയ് പ്രഭുവിന് കോടതി ജാമ്യം നിഷേധിച്ചതിനെ തുടർന്ന് നൂറ്കണക്കിന് ഭക്തർ പ്രതിഷേധവുമായി എത്തിയിരുന്നു. ബംഗ്ലാദേശിലെ ഹിന്ദു ന്യൂനപക്ഷ വിഭാഗത്തിനായുള്ള പ്രവർത്തനങ്ങളിലാണ് ചിൻമൊയ് പ്രഭു ഏർപ്പെട്ടിരുന്നത്.

&&&&&&&&&&&&&&&&&&

## PARL – BANGLADESH ATTACK REAX

ബംഗ്ലാദേശിൽ ഹിന്ദുക്കൾക്കെതിരായ ആക്രമണത്തിൽ ഐക്യരാഷ്ട്രസഭ ഇടപെടണമെന്ന് കേന്ദ്രമന്ത്രി ഗിരിരാജ് സിംഗ്. ബംഗ്ലാദേശിലെ ഇടക്കാല സർക്കാർ മതമൗലികവാദികളുടെ നിയന്ത്രണത്തിലാണെന്ന് സംഭവം സൂചിപ്പിക്കുന്നതായും പാർലമെന്റിന് പുറത്ത് അദ്ദേഹം മാധ്യമങ്ങളോട് പ്രതികരിച്ചു.

&&&&&&&&&&&&&&&&&&

## BJP-EVM ALLEGATIONS

ഇലക്ട്രോണിക് വോട്ടിങ്ങ് യന്ത്രത്തെ കുറിച്ചുള്ള പരാമർശത്തിൽ കോൺഗ്രസ് അധ്യക്ഷൻ മല്ലികാർജുൻ ഖാർഗെയെ വിമർശിച്ച് ബിജെപി. തെരഞ്ഞെടുപ്പിൽ തോൽക്കുമ്പോൾ മാത്രമാണ് കോൺഗ്രസ് ഇവിഎമ്മിനെ വിമർശിക്കുന്നതെന്ന് പാർട്ടി വക്താവ് സംബിത് പത്ര, ന്യൂഡൽഹിയിൽ മാധ്യമങ്ങളോട് പറഞ്ഞു.

&&&&&&&&&&&&&&&&&&

## INDIA-ISRAEL LEBANON CEASEFIRE

ഇസ്രായേലും ലെബനനും തമ്മിലുള്ള വെടിനിർത്തൽ കരാറിനെ ഇന്ത്യ സ്വാഗതം ചെയ്തു. സംഘർഷം കുറയ്ക്കാനും സംയമനം പാലിക്കാനും സംഭാഷണത്തിൻ്റെയും

നയതന്ത്രത്തിൻ്റെയും മാർഗം സ്വീകരിക്കാനാണ് ഇന്ത്യ എപ്പോഴും ആഗ്രഹിക്കുന്നതെന്ന് വിദേശകാര്യ മന്ത്രാലയം പ്രസ്താവനയിൽ പറഞ്ഞു. മേഖലയിൽ സമാധാനവും സുസ്ഥിരതയും ഉറപ്പാക്കാൻ തീരുമാനം സഹായിക്കുമെന്ന പ്രത്യാശയും ഇന്ത്യ പങ്കുവച്ചു.

&&&&&&&&&&&&&&&&&&

## INTERNATIONAL TOURISM MART

സാമ്പത്തിക വളർച്ചയ്ക്ക് ശക്തി പകരുമെന്നതിനാൽ വടക്കുകിഴക്കൻ മേഖലയിലെ വിനോദസഞ്ചാര, അടിസ്ഥാനസൗകര്യ വികസനത്തിൽ കേന്ദ്ര സർക്കാർ ശ്രദ്ധ കേന്ദ്രീകരിക്കുന്നതായി കേന്ദ്ര ടൂറിസം മന്ത്രി ഗജേന്ദ്ര സിംഗ് ഷെഖാവത്ത്. അന്താരാഷ്ട്ര ടൂറിസം മാർട്ടിന്റെ 12-ാം പതിപ്പ് കാസിരംഗ നാഷണൽ പാർക്കിൽ ഉദ്ഘാടനം ചെയ്യുകയായിരുന്നു അദ്ദേഹം.

&&&&&&&&&&&&&&&&&&

## STOCK-GOLD

രാജ്യത്തെ ഓഹരി വിപണികളിൽ നേട്ടം. ബോംബെ ഓഹരി സൂചിക സെൻസെക്സ് 230 പോയിൻ്റ് ഉയർന്ന് 80,234 ലും, ദേശീയ ഓഹരിസൂചിക നിഫ്റ്റി 80 പോയിന്റ് നേട്ടത്തിൽ 24,275 ലും വ്യാപാരം അവസാനിപ്പിച്ചു. സ്വർണവിലയിൽ വർധന. പവന് 200 രൂപ കൂടി 56,840 രൂപയും, ഗ്രാമിന് 25 രൂപ വർധിച്ച് 7,105 രൂപയുമാണ് ഇന്നത്തെ വില

&&&&&&&&&&&&&&&&&&

&&&&&&&&&&&&&&&

&&&&&&&&&&&&